# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2443 20/06/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. എ. മാധവൻ<br>,, കെ. അച്ചുതൻ<br>,, വി. പി. സജീന്ദ്രൻ<br>,, പി. സി. വിഷ്ണുനാഥ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശി ക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | എ | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ആരോഗ്യവകുപ്പ് മുഖേന എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 2.8 കോടി രൂപ ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ട്.<br><br>സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിന് ഈ സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തണമെന്നുള്ള വിഷയനിർണ്ണയ സമിതിയുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പട്ടികവർഗ്ഗക്കാർക്കിടയിൽ കാണുന്ന രോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണുന്നതിന് സർവ്വെ നടത്താനും അതിന്റെ അടിസ്ഥാനത്തിൽ പോഷകാഹാരക്കുറവ്, സ്ത്രീകൾ/കുട്ടികൾ എന്നിവർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു വരുന്നു. അരിവാൾ വിളർച്ച രോഗം പിടിപെട്ട പട്ടികവർഗ്ഗക്കാർക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രതിമാസം 1000/- രൂപ |

| | | | |
|---|---|---|---|
| | | | സാന്ത്വനമായി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി | പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും ഇല്ലാതാക്കുന്ന വിധത്തിൽ ആരോഗ്യ പ്രവർത്തനം ഊർജിതമാക്കുന്ന കാര്യം പരിഗണിക്കുമോ; | ബി | പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും ഇല്ലാതാക്കുന്ന വിധത്തിൽ ആരോഗ്യ പ്രവർത്തനം ഊർജിതമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| സി | മെച്ചപ്പെട്ട ആശുപത്രികൾ ഇവരുടെ വാസസ്ഥലത്തിനടുത്ത് തുടങ്ങുന്നതിനും രോഗ പ്രതിരോധത്തിനായി ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കു ന്നതിനും തയ്യാറാകുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ ? | സി | നിലവിലുള്ള ആരോഗ്യ സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകളുടെ പ്രവർത്തനം ലഭ്യമല്ലാത്ത മേഖലകളിൽ കൂടി അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കായി പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന കേന്ദ്ര സഹായമായി ലഭിച്ച തുക വിനിയോഗിച്ച് വിവിധ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. രോഗ പ്രതിരോധത്തിനായി ബോധവൽക്കരണ പരിപാടികളും അലോപ്പതി, ആയുർവേദ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ